**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമ പഞ്ചായത്തിന്റെ 2009-10, 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം ചെലവഴിച്ച 14,81,620/- രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്**

സ.ഉ(സാധാ)നം.547/2017/തസ്വഭവ തിരുവനന്തപുരം,തീയതി 27/02/2017

---

പരാമർശം : 1. ഊരകം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 16/01/2016 തീയതിയിലെ എച്ച് സി 2167/2013(3) നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 26/05/2016 തീയതിയിലെ എം3- 13703/2016 നമ്പർ കത്ത്

3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 14/11/2016 തീയതിയിലെ കെ.എസ്സ്.എ-7747/പിറ്റി 3/2016 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമ പഞ്ചായത്തിൽ 2009-10, 2010-11 വർഷങ്ങളിൽ നടപ്പിലാക്കിയ റോഡ് നിർമ്മാണ പ്രവൃത്തികളിൽ DR packing നടത്തി അതിന് മുകളിൽ കോൺക്രീറ്റ് റോഡ് നിർമ്മിച്ചത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ IRC specification- ന് വിരുദ്ധമാകയാൽ പ്രസ്തുത ഇനത്തിൽ ചെലവായ 14,81,620/- രൂപ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തി.

2) ഊരകം ഗ്രാമപഞ്ചായത്തിന്റെ സവിശേഷമായ ഭൂപ്രകൃതി കാരണം പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും റോഡ് നിർമ്മാണത്തിൽ IRC specification പാലിക്കുന്നതിൽ പ്രയാസമുണ്ടെന്നും കുന്നുകളും സമതലങ്ങളും നിറഞ്ഞ ഭൂപ്രകൃതിയും മണ്ണിന്റെ ഘടനയും കാരണം ചില പ്രദേശങ്ങളിൽ DR packing അത്യാവശ്യമാണെന്നും ഇത്തരത്തിൽ DR packing നടത്തിയ റോഡുകൾ ഇപ്പോഴും യാതൊരു കേടുപാടും കൂടാതെ നിലനിൽക്കുന്നുണ്ടെന്നും ആയതിനാൽ IRC specification ന് വിരുദ്ധമാണെങ്കിലും ടി റോഡുകൾ ഇപ്പോഴും ഉപയോഗയോഗ്യമാണെന്നതും ഇതു മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലെന്നുമുള്ള ഭരണ സമിതി വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 14,81,620/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകണമെന്നും സൂചന ഒന്ന് കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. ഊരകത്തെ സവിശേഷമായ ഭൂപ്രകൃതി പ്രദേശത്തെ റോഡ് നിർമ്മാണത്തിൽ വെല്ലുവിളികൾ സൃഷ്ടിക്കുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2011-12 ലെ പ്രവർത്തനാവലോകന റിപ്പോർട്ടിന്റെ ആമുഖത്തിൽ സൂചിപ്പിച്ചിട്ടുള്ളതായും പഞ്ചായത്ത് ഇതോടൊപ്പം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത്

പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പരാമർശിത മരാമത്ത് പ്രവൃത്തികൾ സാങ്കേതിക നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെങ്കിലും ഓഡിറ്റ് റിപ്പോർട്ട് തടസ്സ ഖണ്ഡികയിൽ പരാമർശിക്കുന്ന തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ ഡിബി 4/7462/സി ഇ/തസ്വഭവ/15.10.12 നമ്പർ കത്ത് പ്രസ്തുത പ്രവൃത്തി നടന്ന 2010-11 കാലയളവിന് ശേഷമാണെന്നും ഊരകം ഗ്രാമപഞ്ചായത്തിന്റെ സവിശേഷമായ ഭൂപ്രകൃതിയും ദേശീയ ശരാശരിയെക്കാൾ ഉയർന്ന ജനസാന്ദ്രതയും പ്രദേശത്തെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് വെല്ലുവിളിയാണെന്നും പരിഗണിച്ച് സർക്കാരിന് ഇക്കാര്യത്തിൽ യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഭരണസമിതി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ അനുകൂല റിപ്പോർട്ട് എന്നിവ കണക്കിലെടുത്തും ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശിത റോഡുകൾ ഇപ്പോഴും ഉപയോഗയോഗ്യമാണെന്നും ഇതു മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലെന്നുമുള്ള പഞ്ചായത്ത് ഭരണ സമിതി വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം ചെലവഴിച്ച 14,81,620/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു എ ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, ഊരകം ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ